**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4519** **10-08-2021 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് കോളേജ് പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പോളിടെക്നിക് കോളേജ് പ്രവേശനത്തിന് ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനത്തിൽ അൺ എയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനായി ഒരു കോളേജിന് നൂറ്റിയൻപത് രൂപ വീതം ഫീസ് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | കോവിഡ് മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കൂടുതൽ പോളിടെക്നിക് സ്ഥാപനങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഇത് വിഘാതം സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത അപേക്ഷാഫീസ് സർക്കാർ കോളജുകളുടേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഈ വർഷം മുതൽ സ്വകാര്യ പോളിടെക്നിക്ക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും www.polyadmission.orgഎന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതും അവരുടെ അഡ്മിഷൻ ഈ പോർട്ടൽ വഴി നല്കുന്നതും ആയിരിക്കും. ആയതിലേയ്ക്ക് സർക്കാർ സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസിന് തുല്യമായ നൂറ്റൻപത് രൂപ (150 രൂപ) മാത്രമേ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളൂ. |
| (സി) | വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നേരിട്ട് പ്രവേശനം നേടുന്നതിനുള്ള സാഹചര്യം ഒരുക്കുമോ; അറിയിക്കുമോ? | (സി) | ഒരുക്കിയിട്ടുണ്ട്. www.polyadmission.orgഎന്ന അഡ്മിഷൻ പോർട്ടലിൽ സ്വീകരിക്കുന്ന മാനേജ്മെന്റ് അപേക്ഷാ വിവരങ്ങൾ അതത് സ്വകാര്യ സ്വാശ്രയ പോളിടെക്നിക്ക് കോളേജുകൾക്ക് നല്കി , മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും മാനേജ്മെന്റ് തന്നെയാണ് പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത്. |

സെക്ഷൻ ഓഫീസർ